**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 825** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഏതെല്ലാം കോഴ്സുകൾക്കാണ് ഇ - ഗ്രാന്റിന് അർഹതയുള്ളത്; | (എ) | കേരളത്തിലെ സർവ്വകലാശാലകളിൽ പഠിക്കുന്ന മെറിറ്റ് /റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടിയ പട്ടികജാതി/പട്ടികവർഗ വിഭാഗ വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ സർക്കാർ/ യൂണിവേഴ്സിറ്റി അംഗീകരിക്കുന്ന കോഴ്സുകൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയുണ്ട്.<br><br>**ഇ-ഗ്രാന്റിന് അർഹതയുള്ള കോഴ്സുകൾ**<br><br>All Degree courses, MSW, BE/BTECH, MCOM/BCOM, MFSC/BFSC, BA LLB, BCA, Phd, MPhil, LLM, MTECH/ME, BSc.Nursing/GNM, MCh, MD/MS/MDS/MVSC, MCA, MSW,BBM, BPharm/MPharm, MBBS,BSc/MSc Agriculture, BPED/MPED Certificate courses <=1 yr, BEd/Med |
| (ബി) | 2016-2021 കാലയളവിൽ ഡിഗ്രി കോഴ്സിന് പഠിച്ചിരുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് എല്ലാവർക്കും ഇ-ഗ്രാന്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ബി) | 2016-21 കാലയളവിൽ ഡിഗ്രി കോഴ്സ് പഠിച്ചിരുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളുടെയും ഇ-ഗ്രാന്റ്സ് അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17 മുതൽ 2017-18 വരെ ഇ-ഗ്രാന്റ്സ് അപേക്ഷ സമർപ്പിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം മുതൽ ഡയറക്ടറേറ്റിൽ ലഭിച്ച ഇ-ഗ്രാന്റ്സ് ക്ലെയിമുകളും നൽകിയിട്ടുണ്ട്. എന്നാൽ 2018-19 വർഷം മുതൽ വിവിധ കാരണങ്ങളാൽ നൽകാൻ സാധിക്കാതിരുന്ന സ്കോളർഷിപ്പ് വിദ്യാർത്ഥികളുടെ ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് ഇപ്പോൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ